# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - അന്തർവകുപ്പ് സ്ഥലംമാറ്റം - നിയമനം നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കത്ത് നം. സി5-26867/2022, ഹൈക്കോർട്ട് ഓഫ് കേരള, എറണാകുളം, തീയതി: 02/06/2022
2. ശ്രീ. ഷെൽജർ പി., എൽ.ഡി. ക്ലാർക്ക്, ഫാമിലി കോർട്ട്, ഒറ്റപ്പാലം, പാലക്കാട്, തീയതി: 21/03/2022 -ലെ അപേക്ഷ.
3. കത്ത് നം. എ 2-12210/2022/ജി.മെ.ഓ., മലപ്പുറം, തീയതി: 15/09/2022.
4. സ.ഉ. (പി) നം. 5/2013/പി&ഓ.ആർ.ഡി., തീയതി: 06/02/2013

**ഉത്തരവ് നം. ഇ.ഡി.1- 38907/2022/ആ.വ.ഡ., തീയതി: 23/12/2022.**

ഒറ്റപ്പാലം, കുടുംബ കോടതിയിൽ ജോലി നോക്കുന്ന ക്ലാർക്ക് ശ്രീ. ഷെൽജർ പി., മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1), (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ അന്തർജില്ലാ/അന്തർവകുപ്പ് സ്ഥലംമാറ്റത്തിനായി ഒരു ഒഴിവ് ഉള്ളതായി അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പരാമർശം (4) ഉത്തരവിന് വിധേയമായി ഒറ്റപ്പാലം കുടുംബകോടതിയിലെ ക്ലാർക്ക്, ശ്രീ. ഷെൽജർ പി. -യ്ക്ക് മലപ്പുറം ജില്ലയിൽ ആരോഗ്യവകുപ്പിലെ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ടിയാൾക്ക് ഉചിതമായ നിയമനം നൽകേണ്ടതും പ്രസ്തുത വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ടി ജീവനക്കാരൻ അന്തർവകുപ്പ് സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ജില്ലയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ആ ജില്ലയിലെ ഏറ്റവും ജൂനിയറായ ക്ലാർക്കിന്റെ ജൂനിയറായി കണക്കാക്കേണ്ടതും, നിലവിലെ സീനിയോറിറ്റി നഷ്ടപ്പെടുകയും സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള വകുപ്പിൽ വീണ്ടും പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതുമാണ്. ബന്ധപ്പെട്ട സ്ഥാപന മേധാവി അന്തർ വകുപ്പ് സ്ഥലംമാറ്റ വിവരം യഥാവിധി ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഒപ്പ്)
ഡോ. നന്ദകുമാർ കെ. വി.
**ആരോഗ്യവകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ്**

സ്വീകർത്താവ്:
ശ്രീ. ഷെൽജർ പി., എ.ഡി. ക്ലാർക്ക്, കുടുംബ കോടതി, ഒറ്റപ്പാലം, പാലക്കാട്.

പകർപ്പ്:-
1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി എ.
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
3. രജിസ്ട്രാർ, കുടുംബ കോടതി, ഒറ്റപ്പാലം, പാലക്കാട്.
4. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-29/12